# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2635

21.06.2012 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാർ

**ചോദ്യം**

ശ്രീ എം.എ. ബേബി
ശ്രീ എളമരം കരീം
ശ്രീ എസ്.ശർമ്മ
ശ്രീ ആർ. രാജേഷ്

**ഉത്തരം**

ശ്രീ പി.കെ. അബ്ദുറബ്ബ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി ഈ വർഷത്തെ അഡ്മിഷൻ സംബന്ധിച്ച് കരാർ ഉണ്ടാക്കിയ പ്രകാരം 50% മെറിറ്റ് അഡ്മിഷന് മാറ്റി വച്ചിട്ടുള്ള സീറ്റുകൾക്ക് എത്രയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത് ? | (എ) കേരള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി ഉണ്ടാക്കിയ കരാർ പ്രകാരം അസോസിയേഷനു കീഴിൽ വരുന്ന കോളേജുകളിലെ 50% സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നു. ഇപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട 25% വിദ്യാർത്ഥികളിൽ നിന്നും 40,000 രൂപയും ബാക്കി 25% വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ഫീസ് 25,000 രൂപ ഉൾപ്പെടെ 65,000 രൂപയാണ് ഈടാക്കുന്നത്.<br><br>കേരള കാത്തലിക്ക് എഞ്ചിനിയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി ഉണ്ടാക്കിയ കരാർ പ്രകാരം അസോസിയേഷനു കീഴിൽ വരുന്ന കോളേജുകളിലെ 50% സീറ്റുകളിലെക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നു. ഇതിലേക്കുള്ള ഫീസ് 75,000 രൂപയാണ്. കൂടാതെ തിരികെ നൽകുന്ന പലിശ രഹിത ഡെപ്പോസിറ്റായി 1,00,000 രൂപ കൂടി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ അടയ്ക്കണം. |
| (ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഈ സീറ്റുകളിലെ ഫീസ് നിരക്ക് എത്ര ശതമാനം വർദ്ധിപ്പിച്ചു എന്ന് അറിയിക്കാമോ ? | (ബി) കേരള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന കോളേജുകളിൽ 50% സർക്കാർ ക്വാട്ട സീറ്റുകളിലെ ഫീസ് നിരക്കിൽ 2011-ൽ 35.71% ഉം 2012-ൽ 10.53% ഉം വർദ്ധനവ് ഉണ്ടായി. |

| | |
|---|---|
| (സി) കരാർ പ്രകാരം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള മൊത്തം സീറ്റുകളിൽ എത്ര സീറ്റ് സർക്കാരിന് ലഭിക്കുമെന്നും മൊത്തം സീറ്റുകൾ എത്രയെന്നും വ്യക്തമാക്കുമോ ? | (സി) 18.06.2012 -ലെ കണക്കനുസരിച്ച് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെയുള്ള 34880 സീറ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റിനായി 17440 സീറ്റുകളാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ